K20U 0050

Reg. No. : ..............................

Name : ..................................

VI Semester B.A. Degree (CBCSS-Regular) Examination, April 2020
(2017 Admission)
CORE COURSE IN MALAYALAM
6B12 MAL : അരങ്ങും പൊരുളും

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

1) സമൂഹവിമർശനം, നിശിതമായ ഫലിത പരിഹാസങ്ങൾ, കേരളീയത, ഭാഷാലാളിത്യം, ലോകോക്തികൾ എന്നിവയെല്ലാം നമ്പ്യാർക്കവിതയുടെ പ്രധാന സവിശേഷതകളാണ് – ഘോഷയാത്ര തുള്ളലിനെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

2) 'മൂലകൃതിയിൽ നിന്ന് ഒട്ടനവധി മാറ്റങ്ങൾ വരുത്തിയാണ് ദക്ഷയാഗം ആട്ടക്കഥ രചിക്കപ്പെട്ടത്' – ശരിയോ ? ചർച്ച ചെയ്യുക.

3) തിരക്കഥയെക്കുറിച്ചുള്ള പരമ്പരാഗത മലയാള ചലച്ചിത്ര സങ്കൽപങ്ങളിൽ നിന്ന് മാറി നടന്ന സിനിമയാണ് 'ട്രാഫിക്' – പരിശോധിക്കുക.

4) പ്രാചീന ഭാരതീയ നാടകവേദിയിലെ അനുപമസൃഷ്ടിയാണ് 'കർണ്ണഭാരം' – അപഗ്രഥിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) 'ഇതിഹാസ പുരാണങ്ങളിലെ കഥാവസ്തുക്കൾ പോലും നമ്പ്യാർ ആവിഷ്കരിക്കുക കേരളീയ പശ്ചാത്തലത്തിലാണ്' – ഘോഷയാത്രയെ മുൻനിർത്തി പരിശോധിക്കുക.

6) കർണ്ണന്റെ സത്യസന്ധതയും ദാനശീലവും കർണ്ണഭാരം നാടകത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

7) ''ചക്ഷു: ശ്രവണൻ ചീറി വരുന്നതു
പക്ഷി പ്രവരനു ഭക്ഷണകാലം'' – വിവക്ഷിതം വ്യക്തമാക്കുക.

8) 'കുടുംബ സങ്കൽപങ്ങളിൽ ആധുനിക ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന അതിദ്രുത പരിണാമങ്ങളെ അടയാളപ്പെടുത്താൻ 'ട്രാഫിക്' സിനിമ ശ്രമിക്കുന്നുണ്ട്.' – വിലയിരുത്തുക.

9) പുറം ലോകത്തിന് ഭാവന ചെയ്യുവാൻ പോലും കഴിയാത്ത നമ്പൂതിരിമാരുടെ വ്യത്തിഹീനവും ക്രൂരവുമായ അന്ത:പുരബ്രാഹ്മണ്യം നിർദ്ദയമായി അനാവരണം ചെയ്യുന്ന നാടകമാണ് 'മറക്കുടക്കുള്ളിലെ മഹാനരകം' – വിശദീകരിക്കുക.

10) പ്രാചീന ഭാരതീയ നാടകവേദിയെക്കുറിച്ച് ലഘുവായി ഉപന്യസിക്കുക. **(4×3=12)**

P.T.O.

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ''ആഗമിപ്പതിനാരു ചൊന്നതു
ഹന്ത നിന്നോടു കുടില ശീലേ''– ആരുടെ വാക്കുകൾ ? സന്ദർഭം വിശദീകരിക്കുക.

12) 'നിന്നസ്ത്രം ഫലിയാഷ്ഠ വേണ്ടളവിൽ' – എന്ന ശാപത്തിനിടയാക്കിയ സാഹചര്യമെന്തായിരുന്നു ? വിവരിക്കുക.

13) 'പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളി നടക്കും കുറുനരിയെപ്പോൽ' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

14) ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥകളുടെ സവിശേഷതകൾ ക്രോഡീകരിക്കുക.

15) 'മറക്കുടക്കുള്ളിലെ മഹാനരക'ത്തിലെ നായികാ കഥാപാത്രത്തിന്റെ കഥാപാത്ര നിരൂപണം നടത്തുക.

16) യാഗശാലയും മദ്യശാലയും തമ്മിലുള്ള സമീകരണത്തിന്റെ ഔചിത്യം വ്യക്തമാക്കുക. **(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) കർണ്ണനോട് ഭിക്ഷയാചിക്കാൻ എത്തിയതാരാണ് ?

18) 'കുരുകുല മൂഢന്മാരേ, നിങ്ങടെ
പരമാർത്ഥം ഞാനഖിലമറിഞ്ഞേൻ' – ആരാണിതു പറയുന്നത് ?

19) 'മറക്കുടക്കുള്ളിലെ മഹാനരകം' ചെറുകഥാരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മാസിക ഏത് ?

20) മത്തവിലാസം പ്രഹസനത്തിന്റെ രചയിതാവാര് ?

21) 'കീചകവധം' ആട്ടക്കഥ എഴുതിയതാര് ?

22) 'കർണ്ണാ നീയിതു കേൾക്കുന്നില്ലേ' – എന്തിനെക്കുറിച്ചാണ് വക്താവ് പരിതപിക്കുന്നത് ?

23) ഓട്ടൻ തുള്ളൽ വിഭാഗത്തിൽ പെടുന്ന രണ്ട് കൃതികളുടെ പേരെഴുതുക.

24) നമ്പൂതിരി സാമൂഹിക പരിഷ്കരണത്തിലെ പ്രധാനപ്പെട്ട ഒരു മുന്നേറ്റമായ വിധവാ വിവാഹം നടത്തിയ നാടകകൃത്ത് ആര് ? **(6×1=6)**

---